LIBRARY ARCHIVES Kerala Legislative Assembly

ക്കാര്യത്തിൽ പ്രതിഷേധിച്ചും ചർച്ച അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാടിൽ പ്രതിഷേധിച്ചും ഇന്നത്തെ സഭാനടപടികളാകെ ബഹിഷ്കരിക്കാൻ ഞാനും എന്റെ പാർട്ടിയും തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോവുകയാണ്.

(ശ്രീ. ടി. കെ. രാമകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട ആളുകളും സഭയിൽനിന്നും ഇറങ്ങിപ്പോയി)

ശ്രീ. എ. എ. റഹീം: സർ, ഇതിനെ സംബന്ധിച്ച് ഇവിടെ നിരവധി അടിയന്തിരപ്രമേയങ്ങളും പാസ്സാക്കുകയുണ്ടായി. ഇതുവരെയായിട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കാര്യമായ പ്രവർത്തനങ്ങളും ഉണ്ടായിക്കാണുന്നില്ല. ഇവിടെ ഇപ്പോൾ ഏതാണ്ട് കുമ്പസാരത്തിലെ കുറേസമ്മതംപോലെ സർക്കാർ പറയുകയും കുറേസമ്മതം നടത്തുകയും ഹെഡ് കോൺസ്റ്റബിളിന്റെ മഹസ്സർ വായന നടത്തുകയും ചെയ്യുന്നതല്ലാതെ ഒന്നും ചെയ്യുന്നില്ല. ജനങ്ങളുടെ ജീവൻ കൊണ്ട് ഇവർ പന്താടുന്ന ഈ അവസരത്തിൽ അതിനെ നേരിടുന്നതിനുവേണ്ടി കാര്യക്ഷമമായ യാതൊരു പ്രവർത്തനവും ഉണ്ടാകുന്നില്ല. ഈ രാജ്യത്ത് ബസ്സ് അപകടങ്ങളും കൊലപാതകങ്ങളും അനുദിനം വർദ്ധിച്ചുവരികയാണ്. അതിനെ നിയന്ത്രിക്കാനോ ഒന്നും തന്നെ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നുള്ളത് മറുപടിയിൽ നിന്നും തന്നെ വ്യക്തമാണ്. അവർ ഈ സമയം ഉപയോഗിച്ച് ഇവിടെ എന്തെങ്കിലും മറുപടി പറഞ്ഞ് തടിതപ്പുന്നതല്ലാതെ, വെറും കുമ്പസാരമല്ലാതെ യാതൊന്നും നടക്കുന്നില്ല. ആ നിലയിൽ ഇവിടത്തെ ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ഇത് കണ്ടും കേട്ടും ഇരിക്കാൻ ആവുന്നില്ല. ഇവിടെ എപ്പോഴും ഒഴിയുന്ന മന്ത്രിക്കസേരകളും നോക്കി അതിന്റെ ആനുകൂല്യങ്ങളും കാത്ത് ഇരിക്കുന്നതല്ലാതെ ജനങ്ങളുടെ ജീവൻ രക്ഷിക്കാനുള്ള യാതൊരു നടപടികളും നടത്തുന്നില്ല. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭയിൽനിന്നും ഇറങ്ങി പോവുകയാണ്.

(ശ്രീ. റഹിമും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി)

(ബഹളം)

ശ്രീ. പി. പി. വി. മൂസ: സർ, ഇത്രയും ഗുരുതരമായ അക്രമം ഉണ്ടായിട്ടും ഈ കാര്യം ചർച്ച ചെയ്യാൻ സഭ കൂട്ടാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇന്നത്തെ സഭാനടപടികളിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

(ശ്രീ. മൂസയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽനിന്നും ഇറങ്ങിപ്പോയി)

III. ശ്രദ്ധക്ഷണിക്കൽ

വിഴിഞ്ഞത്തെ മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, 1978 ഫെബ്രുവരി മാസം 17-ാം തീയതി വിഴിഞ്ഞം കടപ്പുറത്ത് വലിയൊരു തീപിടിത്തം ഉണ്ടായി. നൂറുകണക്കിന് മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകൾ കത്തി ചാമ്പലായി. നൂറുകണക്കിന് ഭവനങ്ങൾ ഭാഗികമായി നശി

ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വളർത്തുജന്തുക്കളായ കോഴി, പന്നി, ആടുമാടുകൾ തുടങ്ങിയവ പിടിച്ചു തിന്നുകയും മത്സ്യം പിടിക്കാൻ ഉപയോഗിക്കുന്ന വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങൾ നശിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ അന്ന് സഭ സമ്മേളിച്ചുകൊണ്ടിരുന്ന അവസരം ആയതുകൊണ്ട് ഈ സഭയിൽതന്നെ അടിയന്തിരപ്രമേയത്തിന്റെ രൂപത്തിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഈ സംഭവത്തെ തുടർന്നുവന്ന അഭിപ്രായപ്രകടനങ്ങളെ മാനിച്ചുകൊണ്ട് ഗവൺമെന്റിൽനിന്നും ചില ആശ്വാസനടപടികൾ സ്വീകരിക്കുകയുണ്ടായി. ഗാന്ധിസ്മാരകനിധി പോലുള്ള പല സന്നദ്ധ സംഘടനകളും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി ഓടിയെത്തി. ഗവൺമെന്റ് സ്വീകരിച്ച ആശ്വാസനടപടികളുടെ ഭാഗമായി 1978 മാർച്ച് മാസം 25-ാം തീയതി ഒരു പ്രത്യേക ഓർഡർ പുറപ്പെടുവിച്ചുകൊണ്ട് 5 ലക്ഷം രൂപ ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഗവൺമെന്റ് സാംഗ്ഷൻ ചെയ്തു. അങ്ങനെ സാംഗ്ഷൻ ചെയ്ത 5 ലക്ഷം രൂപ ഫിഷറീസ് ഡയറക്ടർ കേരളാ ഫിഷർമെൻ വെൽഫെയർ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് ഡിസ്പോസലിനുവേണ്ടി കൊടുത്തു. ആ തുക വിതരണം ചെയ്യാനുള്ള അധികാരം കേരളാ ഫിഷർമെൻ വെൽഫെയർ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്കാണ് നൽകിയിരിക്കുന്നത്. വർഷം ഒന്ന് കഴിഞ്ഞു. ഇതുവരെ ആ തുക വിതരണം ചെയ്തിട്ടില്ല. നമുക്കെല്ലാം അറിയാവുന്നതുപോലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ ആശ്വാസനടപടികൾ എത്രയും കാലതാമസം ഒഴിവാക്കാൻവേണ്ടിയാണ് കേരള മത്സ്യത്തൊഴിലാളി കോർപ്പറേഷന് രൂപം നൽകിയിട്ടുള്ളതെന്നാണ് ഗവൺമെന്റ് അവകാശപ്പെടുന്നത്. ഫിഷറീസിന്റെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചവേളയിൽ കേരളാ ഫിഷർമെൻ വെൽഫെയർ കോർപ്പറേഷനായാലും ഫിഷറീസ് കോർപ്പറേഷനായാലും ഫിഷറീസ് ഡിപ്പാർട്ടുമെന്റായാലും കുറെ വെള്ളാനകളെ തീറ്റിപ്പോറ്റാനുള്ള സ്ഥാപനമെന്നുള്ളതിൽക്കവിഞ്ഞ് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് യാതൊരു പ്രയോജനവും ഉണ്ടാവുകയില്ലെന്നുള്ള ഞാൻ നടത്തിയ പ്രസ്താവനയ്ക്ക് പ്രത്യക്ഷമായ ഉദാഹരണമാണ് ഇക്കാര്യം തന്നെ. 5 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചതുപോലും വിതരണം ചെയ്യാൻ ഈ കോർപ്പറേഷന് കഴിഞ്ഞിട്ടില്ല. ഇവിടെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പല നടപടികളും നടത്തിവരുന്നുണ്ടെന്ന് ഗവൺമെന്റ് ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുകയും പ്രസംഗിക്കുകയും പ്രചരണം നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസനടപടികളൊന്നും ലഭിക്കുന്നില്ലെന്നുള്ളതിന് ഇതിൽ കൂടുതൽ തെളിവ് എന്താണ് വേണ്ടത്? 5 ലക്ഷം രൂപ അനുവദിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക്, ഒരു വർഷം മുൻപ് ഉണ്ടായ തീ പിടിത്തം കൊണ്ട് ഭവനരഹിതരായവർക്ക് ആ തുക കിട്ടിയിട്ടില്ലെന്ന് പറഞ്ഞാൽ പിന്നെ എന്തിനാണ് ഇവിടെയൊരു ഗവൺമെന്റെന്ന് ഞാൻ ചോദിക്കുകയാണ്. ആവർത്തിച്ചാവർത്തിച്ച് വിഴിഞ്ഞം ഇടവകവികാരിയും ജനപ്രതിനിധികളും പഞ്ചായത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഫിഷറീസ് മന്ത്രിയുടെയും ശ്രദ്ധയിൽ ഈ കാര്യം പെടുത്തിയിട്ടുള്ളതാണ്. അവർ വേണ്ടതുപോലെ ചെയ്യാമെന്നുള്ള മറുപടിയും പറഞ്ഞിട്ടുണ്ട്. പക്ഷേ ഇതുവരെ ആ തുക വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അനുവദിച്ച 5 ലക്ഷം രൂപ ഒരു പ്രത്യേക ഹെഡ്ഡിൽ മാനേജിംഗ് ഡയറക്ടറുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ളത് വിതരണം ചെയ്യാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ള നടപടികളും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നു പറയുമ്പോൾ പിന്നെ ഇവിടെ എന്തിനാണ് ഫിഷറീസ് മന്ത്രിയും ഫിഷറീസ് കോർപ്പറേഷനും ഫിഷറീസ് ഡിപ്പാർട്ടുമെൻറുമെന്നു ചോദിക്കാൻ ആഗ്രഹിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ ഈ വിഷയത്തെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി നാളെ ഒരു പ്രസ്താവന ചെയ്യുന്നതാണ്,

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, കാളിംഗ് അറൻഷന് നേരത്തെ നോട്ടീസ് കൊടുത്തതാണ്. പെട്ടെന്നുണ്ടായ കാര്യമല്ല. അതിനു വേണ്ടി ഇനിയും സമയം വേണമെന്ന് ആവശ്യപ്പെടുന്നത് ശരിയല്ല.

[Mr. Deputy Speaker in the Chair]

IV ധനകാര്യം

1979–80 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച

ധനാഭ്യർത്ഥന നമ്പർ XXXVII

വ്യവസായം

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ): സർ, വ്യവസായം എന്ന 37-ാം ധനാഭ്യർത്ഥനയുടെ പേരിൽ 25,10,38,200 രൂപയ്ക്കുള്ള ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പാക്കേജ് പദ്ധതിയെക്കുറിച്ച് പറഞ്ഞിരുന്നു. അതിന്റെ രൂപരേഖ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടിസ്പീക്കർ: അത് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, വൈദ്യുത പദ്ധതികൾ എന്ന 39-ാം ധനാഭ്യർത്ഥനയുടെ പേരിൽ 2,05,00,100 രൂപയ്ക്കുള്ള ഗ്രാൻറ് അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly